# മലയാളിയും മദ്യാസക്തിയും ആത്മഹത്യയും

Dr. P.N. Sureshkumar, MD,DPM,DNB,PhD,MRCPsych
Professor of Psychiatry
Convenor, IMA Mental Health Committee

**കേ**രളം മദ്യത്തിന്റെ സ്വന്തം നാടായി മാറിയിട്ട് കാലമേറെയായി. അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും നമുക്കുണ്ട്. മദ്യം ഒരത്യാവശ്യമായി കഴിഞ്ഞിരിക്കുന്ന, മദ്യം കൂടാതെ വാരാന്ത്യങ്ങളേയും ആഘോഷങ്ങളേയുംകുറിച്ച് ചിന്തിക്കാനാവാത്ത 47 ലക്ഷം ജനങ്ങൾ ഇന്ന് കേരളത്തിലുണ്ട്. അവരിൽ 17 ലക്ഷമാളുകൾ മദ്യം കൂടാതെ ജീവിക്കാൻ അശക്തരായി കഴിഞ്ഞ്, നിത്യവും സമനില തെറ്റുവോളം മദ്യപിക്കുന്ന മദ്യാസക്തരാണ്. ഇന്ത്യയൊട്ടുക്കുമുള്ള വിദേശമദ്യ വില്പന വർഷംതോറും 8 ശതമാനം വർദ്ധിക്കുമ്പോൾ കേരളത്തിലെ മദ്യോപഭോഗത്തിന്റെ വളർച്ചാനിരക്ക് 12 മുതൽ 20 ശതമാനംവരെയാണ്. ആളോഹരി മദ്യ ഉപയോഗത്തിൽ അടുത്ത കാലത്താണ് പഞ്ചാബിനെ (7.9 ലിറ്റർ) പിന്നിലാക്കി കേരളം (8.3 ലിറ്റർ) ഒന്നാം സ്ഥാനത്തെത്തിയത്. ഇന്ത്യാരാജ്യത്ത് നിർമ്മിക്കുന്ന വിദേശമദ്യത്തിന്റെ 14 ശതമാനവും കുടിച്ചുതീർക്കുന്നത് മലയാളികളാണ്. ഈ സ്ഥിതി മുന്നോട്ട് പോയാൽ മദ്യത്തെ നമ്മുടെ സംസ്ഥാന പാനീയമായി പ്രഖ്യാപിക്കുകയായിരിക്കും നല്ലത്.

മറ്റ് പ്രാദേശിക മേഖലകളെ അപേക്ഷിച്ച് നോക്കുമ്പോൾ കേരളത്തിലെ പുരുഷന്മാർക്ക് മദ്യത്തിനോട് ഒരു പ്രത്യേക വിധേയത്വമുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മദ്യശീലം പുരുഷത്വത്തിന്റേയും വീര്യത്തിന്റേയും ലക്ഷണമാണെന്ന ഒരു മിഥ്യാധാരണ മദ്യപരുടെ ഇടയിൽ വ്യാപകമായി നിലവിലുണ്ട്. വെള്ളം ചേർക്കാതെ വീര്യമേറിയത് വിഴുങ്ങുന്ന സിനിമയിലേയും സീരിയലിലേയും നായകൻമാരെയും പ്രതിനായകന്മാരേയും കൗമാരത്തിന്റെ കണ്ണുകൾ കാണുന്നത് ആരാധനയോടെയാണ്. 15 വയസ്സിനും 49 വയസ്സിനും ഇടയ്ക്കുള്ള പുരുഷന്മാരുടെ മദ്യപാനത്തിന്റെ ദേശീയ ശരാശരി 39.1% ആണെങ്കിൽ കേരളത്തിൽ ഇത് 45% ആണ്. ഇന്ത്യയിലെ ഗ്രാമീണരായ പുരുഷന്മാരിൽ 28%വും നഗരങ്ങളിൽ 22%വും മദ്യപൻമാരാകുമ്പോൾ കേരളത്തിൽ ഇത് യഥാക്രമം 38%വും 29%വും ആണ്. കേരളത്തിലെ മദ്യാസക്തരിൽ ഏറെയും 35 വയസിൽ താഴെയുള്ളവരാണ്. യുവമദ്യപാനികളിൽ 42% കടുത്ത മദ്യപാനികളാണെന്നതാണ് മറ്റൊരു സത്യം (രാവിലെതന്നെ കുടി തുടങ്ങുന്നു). മൊത്തം മദ്യപാനികളിൽ 30% തൊഴിലാളികളും 21% വിദ്യാർത്ഥികളും ആണെന്നാണ് മറ്റൊരു വസ്തുത. 34% എല്ലാ ദിവസവും മദ്യം കുടിക്കുന്നു.

മറ്റൊരു കണക്ക് പറയുന്നത് ഭാര്യമാരെ ഉപദ്രവിക്കുന്ന ഭർത്താക്കൻമാരിൽ 35%വും മദ്യപാനികളാണെന്നാണ്. കുടുംബ ബജറ്റിന്റെ 3 മുതൽ 45% വരെ മദ്യപാനത്തിന് നീക്കിവയ്ക്കുന്നവരാണ് മലയാളികൾ. അകാരണമായി ജോലിക്ക് പോകാത്തവരിൽ 45%വും മദ്യപാന ശീലക്കാരാണെന്ന് മറ്റൊരു പഠനം സൂചിപ്പിക്കുന്നു. കേരളത്തിൽ 8 ലക്ഷം പേർ മദ്യപാനംമൂലം കരൾ രോഗികളാണെന്നാണ് മറ്റൊരു കണക്ക്. കേരളത്തിലെ ആശുപത്രികളിൽ അഡ്മിറ്റാക്കിയിട്ടുള്ള 20% രോഗികളും മദ്യപാനവുമായി ബന്ധപ്പെട്ടുള്ള രോഗങ്ങൾക്ക് ചികിത്സ തേടി വരുന്നവരാണ്.

കേരളത്തിൽ ഒരു വർഷത്തിൽ ചിലവാകുന്നത് ഏതാണ് 3500 കോടി രൂപയുടെ അരിയാണ്. അതേസമയം അരിയുടെ വിലയുടെ മൂന്നിരട്ടി, അതായത് പതിനയ്യായിരം

കോടി രൂപയുടെ മദ്യമാണ് പ്രതിവർഷം മലയാളികൾ അകത്താക്കുന്നത്. മലയാളിയുടെ മദ്യാസക്തി അളക്കുന്നതിന് ഏകകം ഒന്നുമില്ലെങ്കിലും ചില കാര്യങ്ങൾ ഇക്കാര്യം തെളിയിക്കുന്നവയാണ്. മലയാളികൾ കുടിച്ച് തീർക്കുന്ന മദ്യത്തിന്റെ അളവ് ഓരോ വർഷവും കൂടി വരികയാണെന്ന് സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ വാർഷിക വിറ്റുവരവ് കണക്കുകൾ സൂചിപ്പിക്കുന്നു. 1984-85 കാലത്ത് വെറും 55 കോടിയുടെ മദ്യം മാത്രമാണ് കേരളത്തിൽ വിറ്റഴിഞ്ഞത്. 1990ൽ അത് ഇരട്ടിയായി, അതായത് 117 കോടി രൂപ. സാമ്പത്തിക ഉദാരവൽക്കരണ പ്രക്രിയയക്ക് ആക്കം കൂട്ടിയതും ആഗോളവത്ക്കരണവും മലയാളിയുടെ ജീവിത ശൈലിയെ ബാധിച്ചുതുടങ്ങിയത് ഇക്കാലത്താണ്. വേഗതയേറിയ പുതുപുത്തൻ ജീവിതസാഹചര്യങ്ങളും, അനുദിനം മാറുന്ന സാമൂഹ്യ അന്തരീക്ഷവും, പാശ്ചാത്യവൽക്കരണവും, ജീവിത സമ്മർദ്ദവും, തൊഴിൽ സാഹചര്യങ്ങളുമൊക്കെ സൃഷ്ടിച്ച അരക്ഷിതാവസ്ഥയുടെ ഉപോത്പന്നം കൂടിയായി ഈ മദ്യാസക്തിയെ കാണാവുന്നതാണ്. തുടർന്നുള്ള 14 വർഷമാണ് ഈ കണക്കുകളിൽ ശ്രദ്ധേയം. അതായത് 1990 ൽ 117 കോടിയായിരുന്ന മദ്യഉപയോഗം വെറും 14 വർഷങ്ങൾകൊണ്ട് കുതിച്ചുയർന്ന് 2019-ൽ 14508 കോടി എന്ന ഭയാനകമായ നിരക്കിലെത്തി. അതായത് 270 മടങ്ങ് വർദ്ധന. ഓരോ സാമ്പത്തിക വർഷവും 1000 മുതൽ 1500 കോടി രൂപവരെ വർദ്ധിക്കുന്നു എന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക-സാമൂഹിക-ആരോഗ്യമേഖലയുടെ നടുവൊടിക്കുന്നതാണ്, സംസ്ഥാന സർക്കാരിന് വരുമാനം വർദ്ധിക്കുന്നു എന്നതൊഴിച്ചാൽ.

ഓണം, ക്രിസ്തുമസ്, പുതുവത്സരാഘോഷം, തിരഞ്ഞെടുപ്പ്, ഹർത്താൽ, പ്രളയം എന്നീ സന്ദർഭങ്ങളിലാണ് കേരളത്തിൽ ഏറ്റവുമധികം മദ്യം വിറ്റഴിക്കുന്നത്. 2016 ഓണത്തിന്റെ ഒരാഴ്ചയിൽ മലയാളി കുടിച്ച് തീർത്തത് 516 കോടി രൂപയുടെ മദ്യം. ഉത്രാടം, തിരുവോണം എന്നീ 2 ദിവസത്തെ വിൽപ്പന മാത്രം കണക്കിലെടുക്കുമ്പോൾ മുൻ വർഷത്തേക്കാൾ ഏഴര കോടിയുടെ വർദ്ധന. ഓണദിവസങ്ങളില ബാറുകൾ വഴിയുള്ള മദ്യ വിൽപ്പനയുടെ കണക്കുകൾ ലഭ്യമല്ല. കരുനാഗപ്പള്ളിയാണ് ഓണത്തോടടുപ്പിച്ചുള്ള മദ്യ വിൽപ്പനയിൽ മുൻപന്തിയിൽ. തൊട്ടുപിന്നിൽ ചാലക്കുടിയുണ്ട്. ഓണത്തെ തോൽപ്പിച്ചുകൊണ്ട് പുതുവത്സര തലേന്നു മാത്രം ഹാപ്പി ന്യൂ ഈയർ പറഞ്ഞുകൊണ്ട് കൺസ്യൂമർ ഫെഡിന്റെ വൈറ്റില പ്രീമിയം ഔട്ട്ലെറ്റിൽ ചരിത്രത്തിലാദ്യം വില്പന 8 അക്ക സംഖ്യയിലെത്തി. അതായത് 1,02,88,865 രൂപ. ദുരിതം വിതച്ച പ്രളയകാലത്തും മദ്യത്തെ കൈവിട്ടില്ല മലയാളികൾ. 2019-ൽ സംസ്ഥാനത്തെ ബിവറേജ്സ് കോർപ്പറേഷൻവഴി പ്രളയമാസം വിറ്റഴിച്ചത് 1229 കോടി രൂപയുടെ മദ്യം, അതായത് തൊട്ടുമുമ്പത്തെ മാസത്തേക്കാൾ അധികം ലഭിച്ചത് 71 കോടി. അതേസമയം മദ്യഉപഭോഗം കുറഞ്ഞു എന്ന് സർക്കാർ വാദിക്കുന്നതിനാൽ ഔട്ട്ലെറ്റ് വഴിയുള്ള കണക്കുകൾ 2013ന് ശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സൈറ്റിൽ ലഭ്യമല്ല.

മറ്റു പല കാര്യങ്ങളിലുമെന്നപോലെ സംസ്ഥാനത്തെ മദ്യവിൽപ്പനയിലും തെക്ക് വടക്ക് വ്യത്യാസമുണ്ട്. വടക്ക് ബ്രാണ്ടിയാണ് പ്രിയമെങ്കിൽ തെക്ക് റമ്മാണ്. ഏറ്റവും കൂടുതൽ റം കുടിക്കുന്ന ജില്ല കൊല്ലമാണ്. അവിടെ ആകെ വിൽപ്പനയുടെ 82 ശതമാനം റമ്മാണ്. ബ്രാൻഡി കുടിയിൽ ഒന്നാം സ്ഥാനം കണ്ണൂരിനാണ്. ആകെ വിൽപ്പനയുടെ 69 ശതമാനം ബ്രാൻഡി. എറണാകുളം ജില്ലയിൽ റമ്മും ബ്രാൻഡിയും ഏകദേശം ഒരേപോലെ വിൽക്കുന്നു, 41 ശതമാനം വീതം. എറണാകുളം കഴിഞ്ഞാൽ തൃശൂർ മുതൽ വടക്കോട്ട് ബ്രാൻഡിയുടെ വിൽപ്പനയും ആലപ്പുഴ മുതൽ തെക്കോട്ട് റമ്മിന്റെ വിൽപ്പനയും കൂടുതലാണ്. ഇത് എന്തുകൊണ്ടെന്നതിന് വിശദീകരണമില്ല. ജനത്തിന്റെ ശീലമെന്നേ പറയാൻ പറ്റൂ.

ഏറ്റവും കൂടുതൽ മദ്യവിൽപ്പന എറണാകുളം ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി

ജില്ലയിലുമാണ്. ബിവറേജസ് കോർപ്പറേഷന്റെ മുമ്പിൽ കാണുന്ന വലിയ ക്യൂവിന് കാരണം കേരളത്തിൽ ഇവയുടെ എണ്ണം കുറവാണെന്നതാണ് ഔദ്യോഗിക വിശദീകരണം. തമിഴ്നാട്ടിൽ 8000 പേർക്ക് ഒരു ഷോപ്പ് വീതമുണ്ടെങ്കിൽ കേരളത്തിൽ 80,000 പേർക്ക് ഒരു ഷോപ്പ് വീതമേയുള്ളു.

എത്ര ഭയാനകമാണ് ഈ സ്ഥിതിയെന്ന് ഓർക്കുക. ഈ കണക്കുകൾ വിശദമായി പരിശോധിച്ചാൽ വ്യക്തമാകുന്ന ഒട്ടേറെ കാര്യങ്ങൾ ഉണ്ട്. എങ്ങനെയാണ് കേരളീയർ മദ്യാസക്തിയുള്ളവരായെന്ന ചോദ്യത്തിന് ഉത്തരം തേടുന്നതിന് ഇത് സഹായകമാകും.

മദ്യസേവയുടെ കാര്യത്തിൽ കരുനാഗപ്പള്ളിയും, ചാലക്കുടിയും, തിരൂരും വള്ളംകളി മത്സരംപോലെ ഇഞ്ചോടിഞ്ച് പോരാടുകയാണ്. ഏറെ കാലമായി ചാലക്കുടി മദ്യവില്പനയിൽ മുൻനിരയിലാണ്. അതിരപ്പിള്ളിയിൽ പോയാൽ വെള്ളചാട്ടവും കാണാം, വെള്ളവുമടിക്കാം എന്നതായിരിക്കാം ചാലക്കുടിയിൽ മദ്യവില്പന കൂടാൻ കാരണം എന്നാണ് പഴമക്കാർ പറയുന്നത്. ടൂറിസത്തിലെ ലഹരിയുടെ സ്വാധീനം വെള്ളച്ചാട്ടങ്ങളിൽ യുവാക്കളുടേയും കൗമാരക്കാരുടേയും കാൽ തെറ്റിക്കുന്നു എന്നത് നമുക്കേവർക്കും അറിയാവുന്ന ഒരു കാര്യമാണ്. തിരൂരിലെ മദ്യാസക്തിയുടെ രഹസ്യം നാം ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

**സർക്കാറിന് ഇരട്ട നേട്ടം**

മദ്യം വിറ്റു കിട്ടുന്ന കാശു മാത്രമല്ല സർക്കാറിന് വരുമാനമായി ഖജനാവിലെത്തുന്നത്. വാങ്ങിക്കുന്നവർ കുടിക്കുമ്പോഴും കിട്ടും സർക്കാറിന് പണം. "ബിവറേജസി'ൽ ക്യൂ നിന്ന് മദ്യം വാങ്ങി പൊതുസ്ഥലത്ത് വച്ച് പരസ്യവും രഹസ്യവുമായി ഒക്കെ കുടിച്ച് പിടിയിലായവർ അടച്ച പിഴ നാലുവർഷംകൊണ്ട് 12.83 കോടിയിലധികമാണെന്നാണ് എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ പ്രാഥമിക കണക്ക്.

എക്സൈസിന്റെ മാത്രം കണക്കിൽ 2015 മുതൽ 2018 ആഗസ്റ്റ് വരെ 21,662 കേസുകളാണ് സംസ്ഥാനത്ത് പൊതുസ്ഥലത്ത് മദ്യപിച്ചതിന് ഉള്ള കേസ്. പൊതുസ്ഥലത്ത് മദ്യപിച്ചാൽ ആ 'കുടി കൂട്ടായ്മ'യിലെ ഓരോരുത്തരും 5000 രൂപ പിഴയൊടുക്കണം. കേസ് ഒന്നായിട്ടാകും രജിസ്റ്റർ ചെയ്തിട്ടുള്ളത്. കോടതിയിലെത്തുമ്പോൾ ഓരോരുത്തർക്കും പിഴയീടാക്കിയാണ് കേസ് അവസാനിപ്പിക്കുക. കോടതിയിൽ നിന്നുള്ള അന്തിമ കണക്കു കുടിയെത്തുമ്പോൾ പിഴത്തുക ഇതിലും കൂടും.

കേസിനായി കോടതിയിൽ പോകുന്ന നാണക്കേട് ഓർത്ത് എസ്കൈസ് ഓഫീസിൽ വന്നുതന്നെ 5000 രൂപ വീതം അടച്ച് തലയൂരിയവർ നാലുവർഷത്തിനിടെ 1297 കേസുകളിലുണ്ട്. ഓരോ കേസിലും ഒന്നിൽ കൂടുതൽ വ്യക്തികളുണ്ട്. ഈ ഇനത്തിൽ പിടികൂടി ഉടനെ ഖജനാവിലെത്തിയ പണം 61.11 ലക്ഷത്തിലധികം രൂപയാണ്.

ബാറുകൾ അടഞ്ഞുകിടന്ന വർഷങ്ങളിൽ കേസുകൾ വർദ്ധിച്ചു. 2015-ൽ 4504 കേസുകളിൽനിന്നും 2016-ൽ കേസുകൾ 9500 ആയി ഉയർന്നു. 2017-ൽ 6556 കേസുകളും രജിസ്റ്റർ ചെയ്തു. 2018-ൽ ഇതുവരെ 1300 കേസുകളാണ് എക്സൈസ് വകുപ്പ് എടുത്തത്.

**മലയാളിയുടെ പ്രിയപ്പെട്ട മദ്യം**

ഏറ്റവും കൂടുതൽ ആൽക്കഹോൾ അടങ്ങിയിട്ടുള്ളതും തലച്ചോറിനെ ഏറ്റവുമധികം ബാധിക്കുന്നതുമായ റം ആയിരുന്നു മലയാളിയുടെ ഇഷ്ടപ്പെട്ട മദ്യം. എന്നാൽ

കഴിഞ്ഞ 5 വർഷമായി താരതമ്യേന വില കൂടിയ ബ്രാണ്ടിയിലേക്കാണ് ചായ്‌വ്. ഇപ്പോൾ മലയാളി കുടിക്കുന്ന മദ്യത്തിൽ പകുതിയിലേറെയും (51%) ബ്രാണ്ടിയാണ്. ബ്രാണ്ടി കഴിഞ്ഞാൽ റം (43%). ജിൻ, വൈൻ, വോഡ്ക, വിസ്കി തുടങ്ങിയവ എല്ലാംകൂടി 7% മാത്രമേ വരൂ. വിസ്കിയുടെ ഉപയോഗം 4 വർഷത്തിനിടെ 29 ശതമാനം, വൈൻ വില്പനയിൽ 53 ശതമാനം എന്നിങ്ങനെ വർദ്ധനവുണ്ട്. വിദേശനിർമ്മിത വിദേശ മദ്യത്തിന്റെ വരവിനെയും കേരളം സ്വീകരിച്ചു എന്നതാണ് വില്പനയിലെ സൂചനകൾ. 2019-20 സാമ്പത്തികവർഷം മലയാളികൾ 5.65 കോടി രൂപയുടെ വിദേശമദ്യം കുടിച്ചു. മദ്യത്തിന്റെ കണക്കെടുക്കുമ്പോൾ ബിയറിനെ പ്രത്യേകമാണ് പരിഗണിക്കുന്നത്. ഹോട്ട് ഇനങ്ങൾ ഒരു സെറ്റ്, ബിയർ മാത്രം മറ്റൊരു സെറ്റ്. റമ്മും ബ്രാണ്ടിയും വിൽക്കുന്നതിന്റെ 70-80%ഓളം ബിയറും വിറ്റുപോകുന്നു എന്നാൽ ബാറുകളിലും ക്ലബുകളിലും ഇപ്പോഴും ചിലവാകുന്നത് ബ്രാണ്ടിയാണ്. ഏറ്റവുമധികം വിറ്റുപോകുന്ന ഓൾഡ് പോർട്ട് റം തന്നെയാണ് ഏറ്റവും വിലകുറഞ്ഞ മദ്യം.

**മലയാളിയുടെ മദ്യബ്രാന്റും വില്പനശാലകളും**

കേരളത്തിൽ മാത്രം വിറ്റുപോകുന്നത് മദ്യത്തിന്റെ 2700 ബ്രാന്റുകളാണ്. കണക്കനുസരിച്ച് ഹോട്ട് ഇനങ്ങളുടെ 302 ബ്രാന്റുകളാണ് ബിവറേജസ് കോർപ്പറേഷൻ വിൽക്കുന്നത്. 19 ബ്രാന്റ് ബിയറും ഏഴുതരം വൈനുകളും കൂടെയുണ്ട്. കേരളത്തിലെ 12 ജില്ലകളിലായി 16 വെയർഹൗസുകളും സംസ്ഥാനത്തൊട്ടാകെ നിരവധി റീട്ടെയിൽ ഷാപ്പുകളുമുണ്ട് കോർപ്പറേഷന്. കൺസ്യൂമർ ഫെഡിന് 46 ഷോപ്പുകളും. കേരളത്തിൽ മദ്യവിൽപ്പനയുടെ കുത്തക സർക്കാർ സ്ഥാപനമായ ബിവറേജസ് കോർപ്പറേഷനാണ്. കേരളത്തിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൊന്നുകൂടിയാണ് ഈ കോർപ്പറേഷൻ എന്നതാണ് എടുത്തുപറയത്തക്ക നേട്ടം. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം തികച്ചും സുതാര്യമാണ്. കണക്കുകൾ കൃത്യമായി പരിപാലിച്ച് പോരുന്ന വെബ് സൈറ്റുമുണ്ട് കോർപ്പറേഷന്.

ഈ വില്പനശാലകൾക്ക് പുറമേയാണ് കേരളത്തിലങ്ങോളമിങ്ങോളമുള്ള നൂറുകണക്കിന് ബിയർ, വൈൻ ബാറുകൾ, കെ.ടി.ഡി.സി. ബിയർ പാർലറുകൾ, ഒട്ടനവധി ക്ലബുകൾ എന്നിവ. അതിനും പുറമേയുള്ള സമാന്തര വില്പനയുടെ ലോകമാണ് മുക്കിലും മൂലയിലുമുള്ള കള്ളുഷാപ്പുകൾ. 2016-2017 സാമ്പത്തിക വർഷത്തിൽ ബിവറേജസ് കോർപ്പറേഷനിൽനിന്ന് മാത്രം സംസ്ഥാന ഖജനാവിലേക്ക് ഒഴുകിയെത്തിയത് 8818 കോടി രൂപയാണ്. ബാറുകളിൽനിന്നുള്ള കോടികൾ വേറെ. മാറിമാറി വരുന്ന സർക്കാരുകൾ പ്രത്യക്ഷമായും പരരോക്ഷമയും കുടിയൻമാരെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു കാരണം ഇതായിരിക്കാം.

**മദ്യവും കുറ്റകൃത്യങ്ങളും**

കുറ്റകൃത്യങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത് മദ്യലഹരിയിലാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.കേരളത്തിലെ കൊലപാതകങ്ങളിൽ 84%വും, കൈയേറ്റങ്ങളിൽ 70%വും ഭവനഭേദനങ്ങളിൽ 70%വും മോഷണങ്ങളിൽ 65%വും ബലാൽസംഘങ്ങളിൽ 65% മദ്യപാനവുമായി ബന്ധപ്പെട്ടുകിടക്കുന്നു. വർഷാവർഷം ഇതിന്റെ തോത് 2% കണ്ട് വർദ്ധിക്കുകയും ചെയ്യുന്നു. മദ്യപാനംമൂലമുള്ള കുറ്റകൃത്യങ്ങളുടെ ഇന്ത്യൻ ശരാശരി 175.6 മാത്രമാകുമ്പോൾ മറ്റു സംസ്ഥാനങ്ങളെ പിന്തള്ളി കേരളത്തിലിത് 306.5 ആണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിലും 4 മടങ്ങ് വളർച്ച ഉണ്ടായിട്ടുണ്ട്, അതായത് 22.7%. കേരളത്തിലെ 61% കുടുംബത്തിലും സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ നടക്കുന്നു. കേരളത്തിലെ 80% വിവാഹമോചനങ്ങളും മദ്യത്തോട് ബന്ധപ്പെട്ടാണ് സംഭവിക്കുന്നത്.

**മദ്യപാനവും വാഹനാപകടങ്ങളും**

കേരളത്തിലെ റോഡപകടങ്ങളുടെ പ്രധാന കാരണങ്ങളിൽ ഒന്ന് മദ്യപിച്ചിട്ടുള്ള ഡ്രൈവിംഗാണെന്ന് പോലീസ് രേഖകൾ പറയുന്നു. റോഡപകടങ്ങളിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണ് കേരളം. രാജ്യത്തെ ജനസംഖ്യയുടെ 3.1% മാത്രം വരുന്ന കേരളത്തിൽ മൊത്തം റോഡപകടങ്ങളുടെ 12%വും നടക്കുന്നു. കേരളത്തിലെ റോഡപകടങ്ങളിൽ 40% വും ഡ്രൈവറുടെ മദ്യപാനം മൂലമാണ്. ദേശീയപാതയിൽ ഇത് 72% ശതമാനമാണ്. അപകടങ്ങൾ കൂടുതലുണ്ടാകുന്നത് ആഴ്ചയുടെ അവസാന ദിവസങ്ങളിലും, വൈകിട്ട് മൂന്നു മണിക്കും ഏഴ് മണിക്കും ഇടയ്ക്കുമാണ്. മദ്യവില്പനഷോപ്പുകൾക്ക് അവധിയുള്ള ദിവസങ്ങളിൽ അപകടങ്ങൾ കുറയുന്നു. മദ്യപിച്ചു വാഹനമോടിച്ച് ഇന്ത്യയിൽ ദിവസവും 270 പേർ മരിക്കുന്നു, 5000 പേർക്ക് ഗുരുതരമായി പരിക്കേൽക്കുന്നു. മദ്യപിച്ചവരിൽ അമിതവേഗത്തിൽ വാഹനമോടിക്കാനുള്ള പ്രവണത കൂടുന്നു. മദ്യപാനി വാഹനമെടുത്തിറങ്ങുമ്പോൾ അപായത്തിലാകുന്നത് അയാളുടെ ജീവൻ മാത്രമല്ല, മറ്റു നിരപരാധികളുടെ ജീവൻകൂടിയാണ്.

**മദ്യപാനവും മാനസികരോഗങ്ങളും ആത്മഹത്യയും**

രാജ്യത്തെ ജനസംഖ്യയുടെ 3.1 ശതമാനം മാത്രമുള്ള കേരളത്തിലാണ് ഇന്ത്യയിലെ മൊത്തം ആത്മഹത്യയിലെ 10 ശതമാനവും നടക്കുന്നത്. കേരളത്തിൽ ഒരു ലക്ഷത്തിൽ 23.5 പേർ ആത്മഹത്യ ചെയ്യുന്നു. ഇത് ദേശീയ ശരാശരിയായ 10.2ന്റെ ഇരട്ടിയാണെന്നോർക്കണം. നാഷണൺ ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച് 2018–ൽ കേരളത്തിൽ മദ്യപാനം മൂലം 656 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. അതേസമയം 2018–ൽ ഭാരതത്തിൽ മൊത്തം മദ്യപാനം മൂലം 7193 പേരാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്. ഭാരത്തിലെ മദ്യപാനം മൂലമുള്ള ആത്മഹത്യയിൽ 10 ശതമാനവും നമ്മുടെ കൊച്ചു കേരളത്തിൽനിന്നാണെന്നർത്ഥം. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് 20 വയസിനും 45 വയസിനും ഇടയിലുള്ള ചെറുപ്പക്കാരാണ് കേരളത്തിൽ കൂടുതൽ ആത്മഹത്യ ചെയ്യുന്നത്. ഈ പ്രായക്കാരിൽതന്നെയാണ് ഏറ്റവും കൂടുതൽ മദ്യപാനികളും. ആത്മഹത്യ ചെയ്യുന്നവരിൽ 75 ശതമാനവും പുരുഷന്മാരാണെന്നതാണ് മറ്റൊരു പ്രത്യേകത. കേരളത്തിലെ പുരുഷന്മാരിൽ 48 ശതമാനവും മദ്യപാനികളാണെന്ന് മറ്റൊരു പഠനം പറയുന്നു. ഇതെല്ലാം കൂട്ടിച്ചേർത്ത് വായിച്ചാൽ കേരളത്തിൽ ആത്മഹത്യകൾ കൂടാൻ മദ്യപാനം തന്നെയാണ് പ്രധാന കാരണമെന്ന് നിസ്സംശയം പറയാം. കുടുംബ ആത്മഹത്യ അഥവാ കൂട്ട ആത്മഹത്യകളുടെ കാര്യത്തിൽ കേരളം മൂന്നാം സ്ഥാനത്താണ്. ഭർത്താക്കന്മാരുടെ അമിത മദ്യപാനം മൂലം സംഭവിക്കുന്ന കുടുംബപ്രശ്നങ്ങളും സാമ്പത്തിക പ്രതിസന്ധിയും തൻമൂലം ഉടലെടുക്കുന്ന മാനസിക സംഘർഷങ്ങളുമാണ് സ്ത്രീകളെ ആത്മഹത്യക്കും കുടുംബ ആത്മഹത്യക്കും പ്രേരിപ്പിക്കുന്നതെന്ന് ലേഖകൻ കേരളത്തിൽ നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നു.

നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച് കേരളത്തിൽ 52 ശതമാനം ആത്മഹത്യകൾക്കും കാരണം കുടുംബപ്രശ്നങ്ങളാണ്. ഇതു കൂടാതെ 11 ശതമാനം മദ്യലഹരിക്കടിമപ്പെട്ട് ആത്മഹത്യ ചെയ്യുന്നുണ്ട്. 17 ശതമാനം പേർ മാനസിക രോഗങ്ങൾക്കടിമപ്പെട്ട് ആത്മഹത്യ ചെയ്യുന്നു. മദ്യപാനിയെ ആത്മഹത്യയിലേക്ക് നയിക്കുന്ന നിരവധി ഘടകങ്ങളുണ്ട്. സ്ഥിരമദ്യപാനം മൂലം ഉടലെടുക്കുന്ന കുടുംബപ്രശ്നങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ, തൊഴിലിടത്തു സംഭവിക്കുന്ന പ്രശ്നങ്ങൾ, സുഹൃത്തുക്കൾക്കിടയിലും സഹപ്രവർത്തകർക്കിടയിലും സംഭവിക്കുന്ന പ്രശ്നങ്ങൾ, സാമ്പത്തിക ഞെരുക്കം, ശാരീരിക രോഗങ്ങൾ, മദ്യപാനിക്ക് സമൂഹത്തിൽനിന്നും നേരിടേണ്ടിവരുന്ന അവഗണന, ഏകാന്തത, ദുഃഖം എന്നിവ ആത്മഹത്യക്കുള്ള ഏറ്റവും അനുകൂല സാഹ

ചര്യങ്ങളാണ്.

മാത്രമല്ല സ്ഥിരമദ്യപാനം വിഷാദം, ഉത്കണ്ഠ, അമിത ദേഷ്യം, അക്രമപ്രവണത, എടുത്തുചാട്ടം എന്നീ മാനസിക പ്രശ്നങ്ങൾക്കും വഴിതെളിയിക്കുന്നു. മദ്യപാനം തലച്ചോറിലെ നാഡീകോശങ്ങൾ ആശയവിനിമയത്തിനായി ഉപയോഗിക്കുന്ന സിറടോണിന്റെ അളവ് കുറക്കുന്നതുകൊണ്ട് വിഷാദരോഗം, ആത്മഹത്യാചിന്ത, കൂടുതൽ അക്രമപരമായ ആത്മഹത്യാശ്രമങ്ങൾ അവലംബിക്കുക എന്നിവ ഉണ്ടാക്കാം. കൂടാതെ മദ്യം ആത്മഹത്യ ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തിക്ക് ആത്മഹത്യാ ശ്രമം കൃത്യമായി നടപ്പിലാക്കാനുള്ള ധൈര്യംകൂടി പകർന്നു നൽകുന്നു. ആത്മഹത്യ ചെയ്യുന്ന വ്യക്തികളിൽ 35 ശതമാനവും ആത്മഹത്യാ സമയത്ത് മദ്യം കഴിച്ചിരുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

കുടുംബപ്രശ്നങ്ങളാലുള്ള ആത്മഹത്യകളിലും, മാനസിക രോഗങ്ങൾ മൂലമുള്ള ആത്മഹത്യകളിലും, ഒരു പരിധിവരെ ശാരീരിക രോഗങ്ങൾ മൂലമുള്ള ആത്മഹത്യകളിലും ഒരു പ്രധാന പ്രേരക ഘടകം മദ്യപാനം തന്നെയാണെന്ന് പറയാം. കേരളത്തിൽ നടക്കുന്ന ആത്മഹത്യകളിൽ 40 ശതമാനത്തിനും കാരണം മദ്യമാണെന്ന് ആൽക്കഹോൾ ആന്റ് ഡ്രഗ് ഇൻഫർമേഷൻ സെന്റർ നടത്തിയ പഠനത്തിൽ കണ്ടെത്തിയതായി ഡയറക്ടർ ജോൺസൺ കെ. എട്ടയാർമുള സാക്ഷ്യപ്പെടുത്തുന്നു.

കോവിഡ് 19 ന്റെ സാമൂഹ്യ വ്യാപനം തടയാനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 21 ദിവസത്തെ ലോക്ക്ഡൗൺ പ്രകാരം കേരളത്തിൽ ബിവറേജ് ഷോപ്പുകൾ അടച്ചിട്ട് നാല് ദിവസം കഴിഞ്ഞപ്പോഴേക്കും കുറച്ചു പേർ ആത്മഹത്യ ചെയ്തു. മദ്യം കഴിക്കുന്ന എല്ലാവരും പെട്ടെന്ന് മദ്യം നിർത്തുമ്പോൾ ആത്മഹത്യ ചെയ്യുമെന്ന ധാരണ തെറ്റാണ്. മദ്യം നിർത്തുമ്പോൾ അത് രോഗാവസ്ഥയിലേക്കെത്തുന്നത് മൂന്ന് മുതൽ അഞ്ചു ശതമാനം പേർക്ക് മാത്രമാണ്. മറ്റുള്ളവരിൽ മദ്യം പെട്ടെന്ന് നിർത്തുമ്പോൾ ഉറക്കക്കുറവ്, ഭക്ഷണത്തിനോടുള്ള താൽപര്യക്കുറവ്, ഛർദ്ദി, ഓക്കാനം, കൈകാലുകൾ വിറയൽ, ദേഷ്യം, ഓർമ്മക്കുറവ്, ചെയ്യുന്ന കാര്യങ്ങളിലെ അശ്രദ്ധ എന്നിവയാണ് പ്രധാനമായും കണ്ടുവരുന്നത്. പക്ഷെ ഒരാഴ്ചക്കുള്ളിൽ ഇത്തരം പിൻവലിയൽ ലക്ഷണങ്ങൾ മദ്യം ലഭിക്കാത്ത ശരീരവുമായി പൊരുത്തപ്പെടുമെന്നതാണ് യാഥാർത്ഥ്യം. ഇവർക്ക് പ്രത്യേക ചികിത്സയോ മറ്റോ ആവശ്യമില്ല. പകരം കാര്യങ്ങൾ തിരിച്ചറിഞ്ഞ് ഒരു ചെറിയ പിന്തുണ വീട്ടുകാർ തന്നെ നൽകിയാൽ പരിഹരിക്കാവുന്നതാണ്. ചുരുക്കി പറഞ്ഞാൽ ഇത്തരക്കാരിൽ വലിയ രീതിയിൽ ഭീതിപ്പെടേണ്ട കാര്യമില്ലെന്നതാണ് സത്യം.

നേരത്തെ പറഞ്ഞ മൂന്ന് മുതൽ അഞ്ചു ശതമാനം വരെയുള്ളവരിൽ രോഗാതുരമായ അവസ്ഥയിൽ എത്തുന്നവർക്ക് മാത്രമാണ് പ്രത്യേക ചികിത്സ അഥവാ detoxification നൽകേണ്ടി വരുന്നത്. ഇത്തരക്കാരെയാണ് അമിത മദ്യാസക്തി രോഗികൾ എന്ന് നമ്മൾ പൊതുവെ പറയുന്നത്. സാധാരണ മദ്യം കഴിക്കുന്നവരിൽനിന്ന് വ്യത്യസ്ഥമായി കുറെ നാളുകളായി വലിയ അളവിൽ മദ്യം സ്ഥിരമായി കഴിക്കുന്നവരാണിവർ. പക്ഷെ ഇതിൽ വലിയൊരു വിഭാഗത്തെയും നമുക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വെച്ച് തന്നെ മരുന്ന് നൽകി വീട്ടിൽ പറഞ്ഞുവിട്ട് ചികിത്സിച്ച് മാറ്റാൻ കഴിയുന്നതാണ്. വളരെ കുറച്ച് പേർക്ക് മാത്രമാണ് കിടത്തി ചികിത്സ പോലും വേണ്ടിവരിക. ഏതൊരു എം.ബി.ബി.എസ് ഡോക്ടർക്കും മാനേജ് ചെയ്യാൻ കഴിയുന്ന പ്രശ്നങ്ങളേ ഇവർക്കുള്ളു. പക്ഷെ ഇവരിലെ പിൻവലിയൽ ലക്ഷണങ്ങളെ അൽപം ഗൗരവത്തോടെ കാണണമെന്ന് മാത്രം.

നേരത്തെ പറഞ്ഞ ഗുരുതരമായ പിൻവലിയൽ ലക്ഷണങ്ങളുള്ള ചിലർക്ക് മദ്യം നിർത്തി 24 മണിക്കൂർ കഴിയുമ്പോഴേക്കും ഇല്ലാത്ത ശബ്ദങ്ങൾ കേട്ട് തുടങ്ങും, ആരോ തന്നോട് ആജ്ഞാപിക്കുന്നതായി തോന്നും, ചിലപ്പോൾ അതിഭീകര സ്വപ്നം കണ്ട് ഞെട്ടി

യുണരാനും ആത്മഹത്യക്ക് തുനിയാനും സാധ്യതയുണ്ട്. ഇതിനെ ആൽക്കഹോൾ വിത്ഡ്രോവൽ ഹാലൂസിനോസിസ് എന്നാണ് പറയുന്നത്.

വളരെ ചുരുക്കം ചിലരിൽ മദ്യം നിർത്തി 48 മണിക്കൂർ കഴിയുമ്പോഴേക്കും അപസ്മാരം ഉണ്ടാകാൻ സാധ്യതയുണ്ട്. റം ഫിറ്റ്സ് എന്നാണ് ഇതിന് പറയുന്നത്. ഇത് അൽപം ഗൗരവമേറിയ കാര്യമാണ്. ഇവർക്ക് ശരീരത്തിൽ ജലാംശം കുറയാനും സോഡിയത്തിന്റെ അംശം കുറഞ്ഞ് തലച്ചോറിന്റെ പ്രവർത്തനം തകരാറിലാകാനും മറ്റ് അവയവങ്ങൾക്ക് കേടു വരാനുമുള്ള സാധ്യതയുണ്ട്. ഇത് ഹൃദയാഘാതത്തിന് വരെ കാരണമാവാം.

മദ്യം നിർത്തി 72 മണിക്കൂർ പിന്നിടുമ്പോൾ ചുരുക്കം ചിലർക്ക് സംഭവിക്കാവുന്ന ഗുരുതരമായ മറ്റൊരവസ്ഥയാണ് ആൾക്കഹോൾ വിത്ത്ഡ്രോവൽ ഡെലീറിയം. പെട്ടെന്നുണ്ടാകുന്ന ബ്രെയിൻ ഫെയ്ലിയർ എന്നും ഇതിനെ വിളിക്കാം. ആൾ, സമയം, സ്ഥലം എന്നിവ തിരിച്ചറിയാൻ സാധിക്കായ്ക, പിച്ചും പേയും പറയുക, ഓർമ്മക്കുറവ്, കഠിനമായ അസ്വസ്ഥത, പേടി, ഇല്ലാത്ത് ശബ്ദങ്ങൾ കേൾക്കുക / കാഴിചകൾ കാണുക, സംശയം, ഓർമ്മക്കുറവ്, ഉറക്കക്കുറവ്, ഭക്ഷണം കഴിക്കാൻ കഴിയായ്ക, ഛർദ്ദി, ഓക്കാനം, ശരീരമാകെ വിറക്കുക, ബ്ലഡ് പ്രഷർ, ഹൃദയമിടിപ്പ്, ശ്വസനഗതി എന്നിവ വേഗത്തിലാകുക ഇവയൊക്കെയാണ് ഈ അവസ്ഥയുടെ പ്രധാന ലക്ഷണങ്ങൾ. ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ മരണസാധ്യത 5 മുതൽ 15 ശതമാനം വരെയാണ്. ചുരുക്കി പറഞ്ഞാൽ മേൽ പറഞ്ഞ മൂന്ന് അവസ്ഥകളിലും രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് വിദഗ്ദ ചികിത്സ നൽകേണ്ടത് അനിവാര്യമാണ്.

ഇവർക്ക് കൃത്യമായ ചികിത്സ നൽകുന്നതിന് പകരം വീണ്ടും മദ്യം ലഭിക്കുന്ന അവസ്ഥയിലേക്കെത്തിച്ചാൽ അത് അവരെ രക്ഷിക്കുന്നതിന് വകരം മദ്യാസക്തിരോഗം മൂർച്ഛിക്കുന്ന അവസ്ഥയിലേക്കെത്തിക്കും. മാത്രമല്ല, ചികിത്സ നൽകാൻ വൈകുന്നത് അനുസരിച്ച് പല തരത്തിലുള്ള അണുബാധക്കും മറ്റ് അവയവങ്ങളുടെ കേടുപാടുകൾക്കും കാരണമാകാം. കൊറോണയുടെ സാഹചര്യം കൂടി പരിഗണിക്കുമ്പോൾ പൊതുവെ രോഗപ്രതിരോധ ശക്തി കുറവായത് കൊണ്ട് ഇത്തരക്കാർ മരണപ്പെടാനുള്ള സാധ്യതയും കൂടുതലാണ്.

ചുരുക്കത്തിൽ പിൻവലിയൽ ലക്ഷണമുള്ളവരിൽ വളരെ കുറഞ്ഞ പേർക്ക് മാത്രമാണ് ആത്മഹത്യ സംഭവിക്കാനുള്ള സാധ്യത ഉള്ളു. വീട്ടുകാരുടെ ചെറിയൊരു കരുതൽകൊണ്ട് ഇത് തടയാവുന്നതാണ്. നേരെ മറിച്ച് അമിത മദ്യപാനം 15 ശതമാനം പേരെ ആത്മഹത്യയിലേക്ക് നയിക്കുന്നു. സ്ഥിരമായി മദ്യം കഴിക്കുന്നതിൽ ഭൂരിഭാഗം പേരും ഇതിൽനിന്ന് രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്നവരാണ്. ഇത്തരക്കാർക്ക് ഏറ്റവും നല്ല സുവർണാവസരമാണ് ഈ 21 ദിവസത്തെ കോവിഡ് ലോക്ക്ഡൗൺ കാലം. ഇതിനു പകരം ഇവരെ വീണ്ടും മദ്യം കഴിക്കാനുള്ള സൗകര്യമൊരുക്കുന്നത് സമൂഹത്തോട് ചെയ്യുന്ന നീതികേടായിരിക്കും.

**വ്യാജമദ്യ ദുരന്തങ്ങൾ**

25 വർഷങ്ങൾക്കിടയിൽ ഈ കൊച്ചുകേരളത്തിൽ മാത്രം 19 വ്യാജമദ്യ ദുരന്തങ്ങളാണ് ഉണ്ടായത്. 237 പേർക്ക് ജീവൻ നഷ്ടപ്പെട്ടു, ആയിരക്കണക്കിനാളുകൾക്ക് അംഗവൈകല്യം സംഭവിച്ചു. അവസാനമായി 2010ൽ ഉണ്ടായ കുറ്റിപ്പുറം ദുരന്തത്തിൽ 17 പേർ മരണപ്പെട്ടു.

**മദ്യം... മലയാളി സ്റ്റൈൽ**

ന്യൂ ജനറേഷൻ ചലച്ചിത്രങ്ങളിലെ നായികാനായകൻമാരാണ് ഇന്നത്തെ ഏറ്റവും വലിയ മാതൃകാ മദ്യ ഉപഭോക്താക്കൾ. മദ്യാസക്തി ജീവിതനൈരാശ്യത്തിന്റെ അളവു കോലായി കണ്ടിരുന്ന കാലം മാറി. ജീവിതത്തിലെ ഏത് അവസ്ഥയ്ക്കും മദ്യത്തെ കൂട്ടു പിടിക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തി. ഓണം, വിഷു, ക്രിസ്തുമസ്, ദീപാവ ലി, പുതുവർഷം, പ്രമോഷൻ, കല്യാണം, ജന്മദിനം, ജനനം, ഹർത്താൽ, എന്തിന് മരണം പോലും മദ്യത്തിന്റെ ലഹരിയിൽ ആസ്വദിക്കുന്ന അവസ്ഥയിലേക്ക് മലയാളി മാറിയിരി ക്കുന്നു എന്നതാണ് സത്യം. ആഘോഷത്തിന്റെ വിശേഷങ്ങളേക്കാൾ പ്രാധാന്യം മദ്യ ത്തിനായി മാറികഴിഞ്ഞിരിക്കുന്നു. കുടുംബത്തോടൊപ്പം ആഘോഷങ്ങൾ ഒത്തൊരുമിച്ച് ആഘോഷിക്കേണ്ടതിന് പകരം കുടിച്ച് പിമ്പിരിയായി മലയാളികൾ റോഡ് സൈഡിലും ഓടകളിലും കിടക്കുന്നത് ഒരു സ്ഥിരം കാഴ്ചയായി മാറിക്കഴിഞ്ഞു. ജോലി കഴിഞ്ഞാൽ രണ്ട് പെഗ് എന്നത് ഭൂരിപക്ഷം മലയാളികളും ശൈലിയാക്കി മാറ്റിയെന്ന് ബിവറേജിലെ തിരക്ക് കാണുമ്പോൾ ബോധ്യമാകും. രണ്ട് സുഹൃത്തുക്കൾക്ക് മുഖാമുഖം സംസാരി ക്കാൻ ടേബിളിൽ മദ്യം വേണമെന്ന സ്ഥിതി വന്നിരിക്കുന്നു.

മലയാളിയുടെ മദ്യപാനത്തിനുമുണ്ട് ചില സവിശേഷതകൾ. ബഹുഭൂരിപക്ഷവും എത്രയും പെട്ടെന്ന് തീർക്കണമെന്ന് തിടുക്കമുള്ളതുപോലെ പെട്ടെന്ന് വലിച്ച് കുടിച്ച് ഗ്ലാസ് കാലിയാക്കും. ഇങ്ങിനെ കുടിക്കുന്നതുകൊണ്ടാണ് അളവ് വല്ലാതെ കൂടുന്നത്. ഇത്രയധികം മദ്യം ഒറ്റയടിക്ക് ചെന്ന് തലച്ചോറിനെ ആക്രമിക്കുന്നതുകൊണ്ട് തലക്ക് ഒരൊറ്റ അടി കിട്ടിയതുപോലെ പെട്ടെന്ന് ഫിറ്റാകുകയും മിക്കപ്പോഴും ബോധം പോകു കയും ചെയ്യും.

മലയാളി സമൂഹത്തിലെ നല്ലൊരു വിഭാഗവും മദ്യപാനത്തെ സാമൂഹികാംഗീകാ രമുള്ള ഒരു പരിപാടിയാക്കി മാറ്റിയിട്ടുണ്ട്. അതങ്ങനെതന്നെയെന്ന് ന്യായീകരിക്കുകയും ആവർത്തിച്ച് ഉറപ്പിക്കുകയും ചെയ്യുന്ന ഒട്ടേറെ ആരാധനാ ബിംബങ്ങൾ ജനപ്രിയ മാധ്യ മങ്ങളിലൂടെ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അധ്വാനിക്കുന്ന ജനവിഭാഗത്തിന് മദ്യപാനശീലത്തെ ന്യായീകരിക്കുവാൻ വേണ്ടതൊക്കെ നമ്മുടെ സമൂഹം നൽകുന്നു മുണ്ട്. കഠിനമായി പണിയെടുക്കുന്നവന് ശരീരത്തിന് ഒരയവുവരാൻ മദ്യംതന്നെയാണ് പരിഹാരം എന്നാണ് നാട്ടുനടപ്പുള്ള വർത്തമാനം.

മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു സാംസ്കാരികാവസ്ഥയും കേരളത്തിൽ ഉടലെടുത്തിട്ടുണ്ട്. മദ്യവല്ക്കരിക്കപ്പെട്ട മലയാളി സമൂഹത്തിൽ നേട്ടങ്ങൾ ഉണ്ടായാൽ ആനന്ദിക്കാൻ മദ്യസത്കാരം വേണം. കോട്ടങ്ങളുടെ സങ്കടം തീർക്കാനും മദ്യം വേണം. എന്തിനും ഏതിനും മദ്യവിരുന്ന് നിർബന്ധം. നെഞ്ച് വിരിച്ച് അഭിമാനത്തോടെയും അച്ച ടക്കത്തോടെയും ക്ഷമയോടെയും ക്യൂവിൽ കാത്തുനിന്ന് മലയാളി മദ്യം വാങ്ങുകയാണ്. ഉത്സവങ്ങൾക്കിടയിലും ഹർത്താൽ തലേന്നും ഈ ക്യൂ വിശേഷാൽ വളരും, പെരുമ്പാ മ്പുപോലെ നീളും.

**മലയാളി - മദ്യപാനത്തിന്റെ ആരംഭം**

കേരളത്തിൽ മദ്യപിക്കുന്നവരുടെ പ്രായം കുറഞ്ഞുവരുന്നു എന്നത് ഗൗരവത്തോടെ കാണേണ്ട ഒരു പ്രശ്നമാണ്. 1986ൽ മദ്യപാന പ്രായം 19 വയസ്സായിരുന്നെങ്കിൽ 1990ൽ അത് 17 വയസ്സായും 2000ൽ 14 വയസ്സായും 2002ൽ 13$^1/2$ വയസ്സായും ചുരുങ്ങിയിരിക്കു ന്നു. ഇന്നത് 12 വയസ്സിൽ എത്തിച്ചേർന്നിരിക്കുന്നു. മദ്യത്തിന് സ്വീകാര്യത വർദ്ധിച്ചിരി ക്കുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. അതായത് ഹൈസ്കൂൾതലം മുതൽ വിദ്യാർത്ഥി

കൾ ഈ ശീലത്തിലേക്ക് ചുവട്‌വെച്ച് തുടങ്ങുന്നു. അടിക്കടി സംഘടിപ്പിക്കപ്പെടുന്ന വിനോദയാത്രകളും, ഒത്തുചേരലുകളും മദ്യവും കൂടി ചേർത്ത് കൊഴുപ്പിക്കാനുള്ള കലാപരിപാടി ഇന്നത്തെ കൗമാര സമൂഹം ഉണ്ടാക്കിയെടുത്തിരിക്കുന്നു. മദ്യം ഒരു സ്റ്റാറ്റസ് സിംബലായും ഉത്തേജക ഔഷധമായും പിന്നെ ഒരു കൗതുകത്തിനും ഉപയോഗിച്ചു തുടങ്ങുന്നു. കേരളത്തിൽ 10 ശതമാനം സ്ഥിരമദ്യപാനികളും 48 വയസ്സിൽ താഴെയുള്ളവരാണ്.

**മദ്യപാനം സ്ത്രീകളിൽ**

സമീപകാലത്ത് മദ്യം സ്ത്രീകളിലേക്കും എത്തി എന്നതാണ് നടുക്കുന്ന മറ്റൊരു വസ്തുത. കേരളത്തിൽ സ്ത്രീകളിൽ 3-5% ലഹരി ശീലക്കാരാണ്. മദ്യപിക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ 10 വർഷത്തിനിടയിൽ നാലിരട്ടി വർദ്ധനവുണ്ടായി. സ്വകാര്യത ഉറപ്പാക്കിക്കൊണ്ടാണ് സ്ത്രീകളുടെ മദ്യപാനം. പ്രധാന നഗരങ്ങളിലെ പ്രമുഖ ക്ലബ്ബുകളിൽ മദ്യപിക്കുന്ന വനിതകളെ ഈയ്യിടെയായി കാണാൻ സാധിക്കും. എന്നാൽ ഭൂരിപക്ഷം പേരും പൊതുവേദികളിൽ മദ്യപിക്കുന്നില്ല എന്നതാണ് ആശ്വാസം തരുന്ന കാര്യം. കോളേജ് വിദ്യാർത്ഥികൾ, പ്രൊഫഷണലുകൾ, വീട്ടമ്മമാർ ഒക്കെ മദ്യപാനികളുടെ വിഭാഗത്തിലുണ്ട്. ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികളും വാടകവീട്ടിൽ ഒരുമിച്ച് താമസിക്കുന്ന ഉദ്യോഗസ്ഥ വനിതകളും ഒക്കെ കൂട്ടായ മദ്യപാനത്തിന്റെ പാതയിലാണ്.

**മദ്യാസക്തി എങ്ങനെ തടയാം?**

ഈ രീതിയിലാണ് കാര്യങ്ങളുടെ പോക്ക്. കേരളം മദ്യപാനത്തിന്റെ കാര്യത്തിൽ പിടിച്ചാൽ പിടികിട്ടാത്ത നിലയിലേക്ക് നീങ്ങിയിരിക്കുന്നു. കൗമാരപ്രായത്തിലേക്ക് ചുവടുവയ്ക്കുമ്പോൾതന്നെ മക്കളെ നിയന്ത്രിക്കാൻ രക്ഷിതാക്കൾക്ക് കഴിയാത്തത് പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുകയാണ്. കാമ്പസുകളിൽനിന്ന് കൂടുതൽ ആധുനികമായ തൊഴിൽ സാഹചര്യങ്ങളിലേക്ക് എത്തുമ്പോൾ ഒരു പൊട്ടിത്തെറിയിലേക്കാണ് യുവാക്കൾ എത്തുന്നത്. തൊഴിൽ സമ്മർദ്ദം, പരീക്ഷാപേടി, വീടുകളിലെ സാഹചര്യങ്ങൾ തുടങ്ങി ഒട്ടേറെ ഘടകങ്ങൾ മദ്യപാന ശീലത്തിന് ആക്കം കൂട്ടുന്നു. മലയാളി = മദ്യം എന്ന സമവാക്യം എത്രമാത്രം ശരിയാണെന്ന് ബിവറേജ്സ് കോർപ്പറേഷന്റെ കണക്കുകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. നമ്മുടെ രാജ്യത്തെ നിയമത്തിലെ പഴുതുകളും മദ്യനയത്തിലെ അപാകതകളും സമൂഹത്തിലെ ലഹരിയുടെ തോത് വർദ്ധിച്ച് വർദ്ധിച്ച് നിയന്ത്രണാതീതമാകുന്നത് രാഷ്ട്രത്തിന്റെ ക്ഷേമത്തിനോ സമഗ്രപുരോഗതിക്കോ ഉതകുന്നതല്ല. ഉപദേശങ്ങൾക്കും ബോധവൽക്കരണങ്ങൾക്കുമപ്പുറത്ത് പ്രശ്നപരിഹാരത്തിന് ഒരു രാഷ്ട്രീയ ഇഛാശക്തിയുടെ അനിവാര്യതയാണ് ഈ വിഷയത്തിൽ ഏറ്റവും അത്യാവശ്യം. എല്ലാ വിഭാഗക്കാരുംകൂടി ഒരുമിച്ചിരുന്നാലോചിച്ച് പ്രവർത്തിക്കേണ്ടുന്ന കാര്യമാണിത്. അതിന് അമാന്തിക്കുന്തോറും കൊടുക്കേണ്ടിവരുന്ന വില വലുതായിരിക്കുമെന്നുമാത്രം.

മദ്യാസക്തിയുടെ അവസാന നാളുകളിലെത്തിക്കഴിഞ്ഞ ഒരാളെ ഉദ്ധരിക്കുക എന്നത് അതിദുഷ്കരമായ ഒരു യജ്ഞമാണ്. കുടുംബങ്ങൾ വകതിരിവോടെയും ക്ഷമയോടെയും പ്രയത്നിച്ചാലും ഡോക്ടർമാരുടെ നീണ്ടുനിൽക്കുന്ന വൈദ്യ-മനോരോഗ ചികിത്സകൾ ലഭ്യമാക്കിയാലും വളരെ ചെറിയ വിഭാഗത്തെ മാത്രമേ രക്ഷപ്പെടുത്താൻ സാധിക്കൂ. സമൂഹത്തിലെ മുൻനിരക്കാരും, ധനികരുടെ ക്ലബുകളും, സിനിമയും ചേർന്ന് മദ്യത്തിന് നൽകിയിരിക്കുന്ന മാന്യതയുടെയും പകിട്ടിന്റെയും പരിവേഷം അഴിച്ചുകളയുംവിധം പുതുതലമുറയെ മദ്യത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ആഴത്തിൽ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. സ്കൂൾതലത്തിൽ ഒരു പ്രത്യേക പാഠ്യവിഷയംതന്നെ ബോധവൽക്കരണത്തിനായി ഉപയോഗിക്കുകയും, മദ്യപാനത്തിന്റെ ഭീകരത നേരിൽ കണ്ട് മനസ്സിലാക്കുവാൻ അവരെ ആശുപത്രികൾ സന്ദർശിപ്പിക്കുന്നതും ഒരു നല്ല ബോധവൽക്കരണ പരിപാടിയായിരിക്കും.

മദ്യത്തിന്റെ സുഗമമായ ലഭ്യത കുറച്ച് കൊണ്ടുവരുന്നതിനുള്ള ഫലപ്രദമായ നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു. കൗമാര പ്രായക്കാർ കൂടി തുടങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന ഒരു സുപ്രധാന ഘടകം മദ്യത്തിന്റെ നിയന്ത്രണങ്ങളൊന്നുമില്ലാത്തതും അനായാസവുമായ ലഭ്യതയാണ്. ആത്മാർത്ഥതയുള്ള ഒരു ഭരണകൂടത്തിന് നിലവിലുള്ള നിയമങ്ങളും വകുപ്പുകളും ഉപയോഗിച്ചുകൊണ്ടുതന്നെ ഇക്കാര്യത്തിൽ സാരമായ പരിവർത്തനങ്ങൾ വരുത്തുവാൻ സാധിക്കും.

17 ലക്ഷം മദ്യാസക്തരെ സൃഷ്ടിച്ച് കഴിഞ്ഞിരിക്കെ പെട്ടെന്നൊരു സമ്പൂർണ മദ്യനിരോധനം വ്യാപകമായ വ്യാജമദ്യ നിർമ്മാണത്തിലും കള്ളകടത്തിലും അവസാനിക്കുമെന്ന് വ്യക്തമാണ്. പക്ഷെ ബോധൽക്കരണത്തിലൂടെ ജനങ്ങൾക്ക് പ്രതിരോധശക്തി നൽകുകയും മദ്യത്തിന്റെ ലഭ്യത അനുക്രമം കുറച്ചുകൊണ്ടുവരികയും നിയമങ്ങൾ ആത്മാർത്ഥതയോടെ നടപ്പിലാക്കുകയും ചെയ്തെങ്കിലേ അതിഭീകരമായ ഒരു സാമൂഹ്യ ദുരന്തത്തിൽനിന്ന് വർഷങ്ങൾ കൊണ്ടെങ്കിലും കേരളത്തെ രക്ഷിക്കാനാകൂ.

## ലയാളിയുടെ മദ്യ ഉപയോഗത്തിന്റെ പട്ടിക
## (സംസ്ഥാന ബിവറേജസ് കോർപ്പറേന്റെ കണക്ക്)

| വർഷം (1984-2018) | കോടി രൂപ |
|---|---|
| 84-85 | 55.46 |
| 85-86 | 67.19 |
| 86-87 | 81.54 |
| 81-88 | 81.42 |
| 88.89 | 82.64 |
| 89-90 | 117.41 |
| 90-91 | 142.33 |
| 91-92 | 174.67 |
| 92-93 | 208.02 |
| 93-94 | 287.15 |
| 94-95 | 353.91 |
| 95-96 | 477.60 |
| 96-97 | 762.93 |
| 97-98 | 1000.83 |
| 98-99 | 1113.32 |
| 99-2000 | 1184.75 |
| 2000-01 | 1138.26 |
| 01-02 | 1694.91 |
| 02-03 | 1847.40 |
| 03-04 | 2071.26 |
| 04-05 | 2320.15 |
| 05-06 | 2635.89 |
| 06-07 | 3145.29 |
| 07-08 | 3669.14 |
| 08-09 | 4631.00 |
| 09-10 | 5538.00 |
| 10-11 | 6730.30 |
| 11-12 | 7861.74 |
| 12-13 | 8818.14 |
| 14-15 | 10,013 |
| 15-16 | 11,577 |
| 16-17 | 12,142 |
| 17-18 | 12,937 |
| 18-19 | 14508 |